**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1424** | **04-07-2022 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രപതി ഗൈഡ് അവാർഡ് ടെസ്റ്റിന്റെ ഫലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2018 ജനുവരിയിൽ നടത്തിയ രാഷ്ട്രപതി ഗൈഡ് അവാർഡ് ടെസ്റ്റിന്റെ ഫലം ഇതുവരെ പുറത്തുവിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2018 ജനുവരിയിൽ ഭാരത് സ്കൗട്സ് & ഗൈഡ്സ് ദേശീയ കാര്യാലയം രാഷ്ട്രപതി അവാർഡ് ടെസ്റ്റ് നടത്തിയിട്ടുണ്ട്. ന്യൂഡൽഹിയിലെ ഭാരത് സ്കൗട്സ് & ഗൈഡ്സിന്റെ ദേശീയ കാര്യാലയമാണ് റിസൽട്ട് പ്രഖ്യാപിക്കേണ്ടത്. നാളിതുവരെ ആയത് പ്രഖ്യാപിച്ചിട്ടില്ല. ഇത് സംബന്ധിച്ച് സംസ്ഥാന കാര്യാലയത്തിൽ നിന്നും ദേശീയ കാര്യാലയത്തിന് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്.<br><br>രാഷ്ട്രപതി ഗൈഡ് അവാർഡ് ലഭിച്ച കുട്ടികൾക്ക് നൽകുന്ന രാഷ്ട്രപതിയുടെ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റ് സംബന്ധിച്ച് രാഷ്ട്രപതി ഭവനിൽ നിന്നും അംഗീകാരം ലഭിക്കാത്തതിനാലാണ് റിസൽട്ട് പ്രഖ്യാപിക്കാത്തത് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. |
| (ബി) | പരീക്ഷ പാസ്സാകുന്നവർക്ക് ഗ്രേസ് മാർക്കിന് അർഹതയുണ്ടോ എന്നും എത്ര ശതമാനമാണ് ഇതെന്നും അറിയിക്കാമോ; | (ബി) | രാഷ്ട്രപതി അവാർഡ് ലഭിച്ചവർക്ക് 10% ഗ്രേസ് മാർക്ക് അനുവദിച്ചിരുന്നു. 2020-21, 2021-22 അക്കാദമിക് വർഷത്തിൽ ഗ്രേസ് മാർക്ക് അനുവദിച്ചിരുന്നില്ല. |
| (സി) | ആരാണ് പരീക്ഷ നടത്തുന്നതെന്നും കേരളത്തിൽ നിന്ന് എത്ര കുട്ടികൾ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (സി) | ന്യൂഡൽഹിയിലെ ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ദേശീയ കാര്യാലയമാണ് പരീക്ഷ നടത്തുന്നത്. കേരളത്തിൽ നിന്നും ആകെ 1995 കുട്ടികൾ 2018ലെ ടെസ്റ്റിൽ പങ്കെടുത്തിരുന്നു. ജില്ല തിരിച്ചുള്ള ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഭാരത് സ്കൗട്സ് & ഗൈഡ്സ് കേരള സംസ്ഥാന കാര്യാലയം പല തവണ ദേശീയ കാര്യാലയത്തിന് |

| | | | |
|---|---|---|---|
| | | | നിവേദനം നൽകുകയും പല യോഗങ്ങളിലും പ്രശ്നം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## Rashtrapathi Test – 2018-19

| Sl.No | District | No.of Students |
|---|---|---|
| 1 | Thiruvananthapuram | 185 |
| 2 | Kollam | 49 |
| 3 | Alappuzha | 32 |
| 4 | Pathanamthitta | 2 |
| 5 | Kottayam | 117 |
| 6 | Ernakulam | 312 |
| 7 | Thrissur | 603 |
| 8 | Palakkad | 59 |
| 9 | Malappuram | 179 |
| 10 | Kozhikkode | 177 |
| 11 | Kannur | 128 |
| 12 | Idukki | 67 |
| 13 | Kasaragod | 55 |
| 14 | Wayanad | 30 |
| | **Total** | **1995** |